No. of Pages : 16

| Code No. | Y – 3023 |
|---|---|

**Register Number :** **Time : 2 Hours**

**Name :** **Max.Marks : 100**

# Entrance Examination for Admission to the P.G. Courses in the Teaching Departments, 2026

## CSS

## MALAYALASAHITHYAVUM KERALA PADANANGALUM

### GENERAL INSTRUCTIONS

1. The Question Paper is having 100 Objective Questions, each carrying one mark.
2. The answers are to be marked **only** in the "**OMR Sheet**" provided.
3. **Negative marking** : **0.25 marks** will be deducted for each wrong answer.

### INSTRUCTIONS FOR FILLING THE OMR SHEET

- The OMR sheet should not be folded or crushed.
- Use only blue/black ball point pen to fill the circles.
- Use of pencil is strictly prohibited.
- Circles should be darkened completely and properly.
- Cutting and erasing on this sheet is not allowed.
- Do not leave any stray marks on the sheet.
- Do not use marker or white fluid to hide the mark.
- WRONG METHODS



CORRECT METHOD



DO NOT WRITE HERE

---

താഴെക്കൊടുത്തിരിക്കുന്നതിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.

**(100 × 1 = 100 marks)**

1. 'പുത്തരിയങ്കം' എന്ന കഥാഗാനം താഴെപ്പറയുന്നവയിൽ ഏത് വിഭാഗത്തിൽ പ്പെടുന്നു?
   - A. തെക്കൻപാട്ട്
   - B. ഇടനാടൻ പാട്ട്
   - C. വടക്കൻപാട്ട്
   - D. മാപ്പിളപ്പാട്ട്

2. പോർത്തുഗീസുകാരുടെ വരവിനുമുമ്പുള്ള ഭാഷയുടെ പ്രാക്തന രൂപമാണ് രാമചരിതമെന്ന് അഭിപ്രായപ്പെട്ടത് ആരാണ്?
   - A. എൻ. കൃഷ്ണപ്പിള്ള
   - B. ഗുണ്ടർട്ട്
   - C. കെ.എം. ജോർജ്ജ്
   - D. ഉള്ളൂർ

3. ഭാഷാ ഭഗവദ്ഗീത രചിച്ചത് ആരാണ്?

A. ശങ്കരപ്പണിക്കർ B. മാധവപ്പണിക്കർ

C. എഴുത്തച്ഛൻ D. രാമപ്പണിക്കർ

4. ''ചോനകക്കുതിര ചോണാട്ടു വിറ്റാൽ നമ-
കാനയച്ചുടനിരണ്ടായിരം കിട്ടുമി-
ന്റാന വിറ്റാലുമെണ്ണായിരം കിട്ടലാം''
- ഈ വരികൾ ഏത് കാവ്യത്തിലാണുള്ളത്?

A. വൈശികതന്ത്രം B. ഉണ്ണിയാടീചരിതം

C. ഉണ്ണിയച്ചീചരിതം D. ഉണ്ണിച്ചിരുതേവീചരിതം

5. 'മുഹ്‌യുദ്ദീൻ മാല' എന്ന അറബി-മലയാളം കൃതി രചിച്ചത് ആരാണ്?

A. മൊയിൻ കുട്ടി വൈദ്യർ B. കുഞ്ഞായിൻ മുസ്ല്യാർ

C. ഷേക്ക് സൈനുദ്ദീൻ D. ഖാസി മുഹമ്മദ്

6. ''അമ്പത്തൊന്നക്ഷരാളീ കലിതതനുലതേ......'' എന്ന പ്രസിദ്ധ മംഗളാചരണ ത്തോടുകൂടി ആരംഭിക്കുന്ന മണിപ്രവാളകൃതി ഏത്?

A. ഭാരതം ചമ്പു B. നൈഷധം ചമ്പു

C. രാജരത്നാവലീയം D. രാമായണം ചമ്പു

7. ''ഇല്ല ദാരിദ്ര്യാർത്തിയോളം വലുതായിട്ടൊരാർത്തിയും.....'' എന്ന പ്രസിദ്ധമായ വരികൾ ആരുടേതാണ്?

A. പൂന്താനം B. ചങ്ങമ്പുഴ

C. കുമാരനാശാൻ D. രാമപുരത്തു വാര്യർ

8. ''ഹാ സുഖങ്ങൾ വെറും ജാലം ആരറിവു നിയതി തൻ
ത്രാസുപൊങ്ങുന്നതും താനേ താണുപോവതും''
ഈ വരികൾ കുമാരനാശാന്റെ ഏതു കവിതയിലേതാണ്?

A. വീണപൂവ് B. ചിന്താവിഷ്ടയായ സീത

C. കരുണ D. നളിനി

9. താഴെപ്പറയുന്നവയിൽ ശ്രീനാരായണ ഗുരുവിന്റെ കൃതികളിൽ ഉൾപ്പെടാത്തത് ഏത്?

A. ആത്മോപദേശശതകം B. സ്വാനുഭവഗീതി

C. പുനർജന്മ നിരൂപണം D. കുണ്ഡലിനിപ്പാട്ട്

10. 'ഇവനെക്കൂടി' എന്ന കവിതയിൽ അനുസ്മരിക്കപ്പെടുന്ന കവി ആരാണ്?

A. ചങ്ങമ്പുഴ B. ഇടശ്ശേരി

C. സച്ചിദാനന്ദൻ D. വൈലോപ്പിള്ളി

11. 'ഐഡന്റിറ്റി കാർഡ്' എന്ന കവിത എഴുതിയതാരാണ്?

A. എം.ആർ. രേണുകുമാർ
B. അമ്മുദീപ
C. എം.ബി. മനോജ്
D. എസ്. ജോസഫ്

12. 'ബിരിയാണി : ഒരു സസ്യേതര രാഷ്ട്രീയ കവിത' എന്ന കവിത ആരുടേതാണ്?

A. സന്തോഷ് ഏച്ചിക്കാനം
B. പി.എൻ. ഗോപീകൃഷ്ണൻ
C. വീരാൻകുട്ടി
D. കെ.ജി. ശങ്കരപ്പിള്ള

13. സൈലന്റ് വാലി പ്രക്ഷോഭ കാലത്ത് പ്രസിദ്ധീകരിച്ച മലയാളത്തിലെ ആദ്യ പരിസ്ഥിതി കാവ്യസമാഹാരത്തിന്റെ പേര്

A. ആരണ്യപർവ്വം
B. കാടെവിടെ മക്കളെ
C. വനപർവ്വം
D. വനഗീതം

14. സി.വി. രാമൻപിള്ളയുടെ 'മാർത്താണ്ഡവർമ്മ' എന്ന നോവലിന് മാതൃകയായ ഇംഗ്ലീഷ് നോവൽ ഏത്?

A. ഹെന്റിറ്റ ടെമ്പിൾ
B. ഐവാൻഹോ
C. പമില
D. റോബിൻസൺ ക്രൂസോ

15. മലയാളത്തിലെ ആദ്യ കുറ്റാന്വേഷണ നോവലായി കണക്കാക്കപ്പെടുന്ന കൃതി ഏതാണ്?

A. ഭൂതരായർ
B. വിരുതൻ ശങ്കു
C. ഭാസ്കരമേനോൻ
D. ധൂമകേതുവിന്റെ ഉദയം

16. ബാല്യകാലസഖി എന്ന നോവലിന് എഴുതിയ പ്രശസ്ത അവതാരിക ആരുടേതാണ്?

A. ജോസഫ് മുണ്ടശ്ശേരി
B. എം.പി. പോൾ
C. എസ്. ഗുപ്തൻ നായർ
D. സുകുമാർ അഴീക്കോട്

17. ''അച്ഛൻ അവനെ അപ്പുവെന്ന് വിളിച്ചു. അമ്മ കുട്ടനെന്നു വിളിച്ചു. നാട്ടുകാർ അപ്പുക്കുട്ടനെന്നും ...'' - ഇങ്ങനെ തുടങ്ങുന്ന മലയാളനോവൽ ഏത്?

A. പുഴ മുതൽ പുഴ വരെ
B. നാലുകെട്ട്
C. കേശവന്റെ വിലാപങ്ങൾ
D. മുൻപെ പറക്കുന്ന പക്ഷികൾ

18. 'കൊക്കാഞ്ചിറ' പശ്ചാത്തലമായി എഴുതപ്പെട്ട മലയാളത്തിലെ പ്രശസ്ത നോവൽ ഏത്?

A. ഒരു തെരുവിന്റെ കഥ
B. തട്ടകം
C. ഒരു ദേശത്തിന്റെ കഥ
D. ആലാഹയുടെ പെൺമക്കൾ

19. ആദ്യകാലത്തെ ഭാഷാനാടകങ്ങളെ പരിഹസിച്ച് സി. അന്തപ്പായി എഴുതിയ നോവലേത്?

A. പറങ്ങോടി പരിണയം
B. നാലുപേരിലൊരുത്തൻ
C. ലക്ഷ്മീകേശവം
D. പരിഷ്കാരപ്പൊതി

20. 2025 ലെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ച എൻ. പ്രഭാകരന്റെ നോവൽ

A. തീയൂർ രേഖകൾ
B. ജീവന്റെ തെളിവുകൾ
C. മായാമനുഷ്യർ
D. ഏഴിനും മീതെ

21. 'പുളിങ്കൊമ്പത്തെ പോതി'യെക്കുറിച്ചുള്ള പുരാവൃത്തം വരുന്ന മലയാള നോവൽ

A. തൃക്കോട്ടൂർ പെരുമ
B. ഒറോത
C. ഖസാക്കിന്റെ ഇതിഹാസം
D. നെല്ല്

22. 'തപോമയിയുടെ അച്ഛൻ' എന്ന നോവൽ എഴുതിയത്

A. എസ്. ഹരീഷ്
B. ഇ. സന്തോഷ് കുമാർ
C. ടി.ഡി. രാമകൃഷ്ണൻ
D. സുഭാഷ് ചന്ദ്രൻ

23. ആദ്യകാല മലയാള കഥാകൃത്തുക്കളെ 'രസികന്മാരായ തറവാടികൾ' എന്ന് വിളിച്ചതാരാണ്?

A. എം.എം. ബഷീർ
B. എം.പി. പോൾ
C. എം. അച്യുതൻ
D. സാഹിത്യപഞ്ചാനനൻ

24. 'ചുല്യാറ്റ്' എന്ന കഥാപാത്രം വരുന്ന എൻ.എസ്. മാധവന്റെ കഥ

A. ചൂളൈമേട്ടിലെ ശവങ്ങൾ
B. ശിശു
C. തിരുത്ത്
D. മുയൽ വേട്ട

25. ''ദയകൊണ്ട് കഷ്ടപ്പെടുന്നവരും ലോകത്തിൽ കുറച്ചുണ്ട്, ഇല്ലേ?'' - ഉറൂബിന്റെ പ്രശസ്തമായ കഥയിലെ സംഭാഷണമാണിത്. കഥയേതാണ്?

A. രാച്ചിയമ്മ
B. വെളുത്ത കുട്ടി
C. അച്ഛന്റെ മകൻ
D. ഗോപാലൻ നായരുടെ താടി

26. 'കണ്ടങ്കോരൻ' എന്ന കഥാപാത്രം പ്രത്യക്ഷപ്പെടുന്നത് ആരുടെ കഥകളിലാണ്?

A. നാരായൻ
B. തകഴി
C. ടി.കെ.സി. വടുതല
D. രാഘവൻ അത്തോളി

27. താഴെക്കൊടുത്തിരിക്കുന്നവയിൽ ബി. മുരളിയുടെ കഥകളിൽ ഉൾപ്പെടാത്തത് ഏത്?

A. ഉമ്പർട്ടോ എക്കോ
B. കോടതി വരാന്തയിലെ കാഫ്ക
C. ചെന്തീ പോലൊരു മാലാഖ
D. രസവിദ്യയുടെ ചരിത്രം

28. 'പ്രണയത്തിന്റെ അധരസിന്ദൂരം കൊണ്ടെഴുതിയ കഥ' എന്ന് സാഹിത്യനിരൂപകൻ കെ.പി. അപ്പൻ വിശേഷിപ്പിച്ച കഥ

A. നഷ്ടപ്പെട്ട നീലാംബരി
B. വാനപ്രസ്ഥം
C. ഗൗരി
D. പ്രണയോപനിഷത്ത്

29. താഴെപ്പറയുന്നവയിൽ പ്ലാറ്റോയുടെ കൃതികളിൽ പെടാത്തത് ഏത്?

A. റിപ്പബ്ലിക്
B. പോയറ്റിക്സ്
C. സിമ്പോസിയം
D. ഇയോൺ

30. ദുരന്തനാടകത്തിലൂടെ പ്രേക്ഷകരിലുണ്ടാകുന്ന മാനസികശുദ്ധീകരണത്തെ വിളിക്കുന്ന പേര്

A. ഹമേർഷ്യ
B. പെരിപറ്റിയ
C. കഥാർസിസ്
D. അനഗ്നോറിസിസ്

31. 'മനുഷ്യരോട് സംസാരിക്കുന്ന മനുഷ്യൻ' എന്ന് കവിയെ നിർവ്വചിച്ചതാരാണ്?

A. കോളറിഡ്ജ്
B. വേർഡ്സ് വർത്ത്
C. പി.ബി. ഷെല്ലി
D. ലോർഡ് ബൈറൺ

32. കലാകാരൻമാർക്ക് മാത്രം സിദ്ധമായിട്ടുള്ളതും പുന:സൃഷ്ടി നടത്താൻ കഴിവുമുള്ള ഭാവനയ്ക്ക് കോളറിഡ്ജ് വിളിക്കുന്ന പേരെന്ത്?

A. പ്രാഥമിക ഭാവന
B. ഫാൻസി
C. ദ്വിതീയ ഭാവന
D. മെമ്മറി

33. 'കവിത കവിയുടെ വ്യക്തിത്വത്തിന്റെ വെളിപ്പെടുത്തല്ല, മറിച്ച് വ്യക്തിത്യത്തിൽ നിന്നുള്ള മോചനമാണെന്ന്' പറഞ്ഞതാരാണ്?

A. മാത്യു ആർനോൾഡ്
B. ടി.എസ്. എലിയറ്റ്
C. വില്ല്യം വേർഡ്സ് വർത്ത്
D. ഐ.എ. റിച്ചാർഡ്സ്

34. ഭരതമുനിയുടെ നാട്യശാസ്ത്രം അനുസരിച്ച് രസങ്ങളുടെ എണ്ണമെത്രയാണ്?

A. ഏഴ്
B. ഒമ്പത്
C. പത്ത്
D. എട്ട്

35. രസസിദ്ധാന്തത്തിലെ 'അഭിവ്യക്തിവാദം' ആരുടേതാണ്?

A. ഭട്ടനായകൻ
B. അഭിനവഗുപ്തൻ
C. ഒട്ടലൊല്ലടൻ
D. ശ്രീശങ്കുകൻ

36. 'കാവ്യസ്യാത്മാ ധ്വനി: ' എന്ന് പ്രഖ്യാപിച്ചത് ആര്?

A. ക്ഷേമേന്ദ്രൻ
B. കുന്തകൻ
C. ആനന്ദവർദ്ധനൻ
D. വാമനൻ

37. കുന്തകൻ വക്രോക്തിയെ എത്ര ഭേദങ്ങളായി തിരിച്ചിരിക്കുന്നു?

A. മൂന്ന്
B. നാല്
C. എട്ട്
D. ആറ്

38. താഴെപ്പറയുന്നവയിൽ ചലകരണങ്ങളിൽ (active articulators) വരുന്നത് ഏത്?

A. വർത്സ്യം
B. കഠിനതാലു
C. മേൽച്ചുണ്ട്
D. കീഴ്ച്ചുണ്ട്

39. താഴെപ്പറയുന്നവയിൽ ദ്രാവിഡമധ്യമം ഏത്?

A. ല
B. ര
C. മ
D. ഴ

40. താഴെപ്പറയുന്നവയിൽ തദ്ഭവമല്ലാത്തത് ഏത്?

A. ചാത്തം
B. പക്കം
C. ഇടവം
D. ഗൃഹം

41. മാനസ്വരലംബകം തയ്യാറാക്കിയ ഭാഷാശാസ്ത്രജ്ഞൻ

A. നോം ചോംസ്കി
B. ഫെർഡിനാന്റ് ഡി സൊസ്യൂർ
C. ഡാനിയൽ ജോൺസ്
D. ചാൾസ് ഹോക്കറ്റ്

42. താഴെക്കൊടുത്തിരിക്കുന്നവയിൽ നാദിയായ വർണം ഏത്?

A. പ
B. ഘ
C. ഛ
D. s

43. കുകുക - കൂവുക ആകുന്ന പ്രക്രിയക്ക് വിളിക്കുന്ന പേര്

A. വ്യത്യയം
B. പൂരകബന്ധം
C. സ്വതന്ത്രപരിവർത്തനം
D. സമീകരണം

44. സ്വനരൂപമില്ലാതെ അർത്ഥസൂചന നൽകുന്ന രൂപിമം

A. സ്വതന്ത്രരൂപിമം
B. ബദ്ധരൂപിമം
C. വിഘടിതരൂപിമം
D. ശൂന്യരൂപിമം

45. പ്രജനക വ്യാകരണം എന്ന വ്യാകരണപദ്ധതിക്ക് തുടക്കം കുറിച്ച ഭാഷാശാസ്ത്രജ്ഞൻ

A. ഫെർഡിനാൻഡ് ഡി സൊസ്യൂർ
B. ലിയാനോർഡ് ബ്ലൂംഫീൽഡ്
C. നോം ചോംസ്കി
D. റോമൻ യാക്കോബ്സൺ

46. ബ്ലൂംഫീൽഡ് മനുഷ്യധിഷണതയുടെ മഹത്തായ സ്മാരകം എന്ന് വിശേഷിപ്പിച്ച കൃതി

A. അഷ്ടാദ്ധ്യായി
B. വാക്യപദീയം
C. സിദ്ധാന്തകൗമുദി
D. തൊൽക്കാപ്പിയം

47. 'പുല്ലേലിക്കുഞ്ചു' എന്ന നോവൽ പ്രസിദ്ധീകരിച്ച മാസിക

A. രാജ്യസമാചാരം
B. പശ്ചിമോദയം
C. ജ്ഞാനനിക്ഷേപം
D. വിദ്യാവിനോദിനി

48. 'രാജ്യസമാചാരം' പ്രസിദ്ധീകരണം ആരംഭിച്ച വർഷം ഏത്?

A. 1848
B. 1847
C. 1849
D. 1846

49. സ്ത്രീകൾ തന്നെ സ്ത്രീകൾക്കുവേണ്ടി പ്രസാധനം ചെയ്ത ആദ്യമാസികയായി അറിയപ്പെടുന്നത്

A. കേരളീയ സുഗുണബോധിനി
B. ലക്ഷ്മീഭായ്
C. മഹിളാരത്നം
D. മഹിള

50. ''ഭയകൗടില്യലോഭങ്ങൾ വളർക്കില്ലൊരു നാടിനെ'' എന്ന മുദ്രാവാക്യമുയർത്തി പ്രസിദ്ധീകരിക്കപ്പെട്ട പത്രം

A. മാതൃഭൂമി
B. കേരളപഞ്ചിക
C. സ്വദേശാഭിമാനി
D. മിതവാദി

51. ഇന്ത്യയിലെ ഔദ്യോഗിക റേഡിയോ സംപ്രേഷണ സ്ഥാപനമായ 'ആകാശവാണി'ക്ക് ആ പേര് നിർദ്ദേശിച്ചത് ആരാണ്?

A. ജവഹർലാൽ നെഹ്റു
B. പ്രേംചന്ദ്
C. രവീന്ദ്രനാഥ ടാഗോർ
D. മാർക്കോണി

52. മലയാളത്തിലെ ആദ്യത്തെ സ്വകാര്യ ടെലിവിഷൻ ചാനൽ ഏതാണ്?

A. സൂര്യ ടി.വി.
B. മാതൃഭൂമി ന്യൂസ്
C. ഇന്ത്യാവിഷൻ
D. ഏഷ്യാനെറ്റ്

53. മലയാളത്തിലെ ആദ്യത്തെ ഓൺലൈൻ മാസിക ഏതാണ്?

A. ഹരിതകം.കോം
B. ഉത്തരകാലം.കോം
C. അഴിമുഖം.കോം
D. പുഴ.കോം

54. മലയാളത്തിലെ ആദ്യത്തെ യൂണിക്കോഡ് ഫോണ്ട് ഏതാണ്?

A. കാർത്തിക
B. രേവതി
C. രചന
D. കൈരളി

55. മലയാളം വിക്കിപീഡിയ ആരംഭിച്ച വർഷം ഏത്?

A. 2004
B. 2000
C. 2002
D. 2008

56. 'കോട്ടംവിട്ട കോട്ടയം കൃതികളിൽ' ഉൾപ്പെടാത്ത ആട്ടക്കഥ ഏത്?

A. ബകവധം
B. കിർമ്മീരവധം
C. കീചകവധം
D. കല്യാണസൗഗന്ധികം

57. കഥകളിവാദ്യങ്ങളിൽ പെടാത്തത് ഏത്?

A. ചെണ്ട
B. ശുദ്ധമദ്ദളം
C. ഇലത്താളം
D. കൈമണി

58. താഴെപ്പറയുന്നവയിൽ സി.വി. രാമൻപിള്ളയുടെ പ്രഹസനങ്ങളിൽ പെടാത്തത് ഏത്?

A. കുറുപ്പില്ലാക്കളരി
B. ചെറുതേൻ കൊളംബസ്
C. പ്രേമാമൃതം
D. ചന്ദ്രമുഖീവിലാസം

59. മലയാളത്തിലെ 'ഇബ്സൻ' എന്ന് വിളിക്കപ്പെടുന്ന നാടകകൃത്ത് ആര്?

A. തോപ്പിൽഭാസി
B. എൻ.എൻ. പിള്ള
C. സി.ജെ. തോമസ്
D. എൻ. കൃഷ്ണപിള്ള

60. സി.എൻ. ശ്രീകണ്ഠൻ നായരുടെ നാടകത്രയങ്ങളിൽ പെടാത്തത് ഏത്?

A. രാവണപുത്രി
B. സാകേതം
C. ലങ്കാലക്ഷ്മി
D. കാഞ്ചനസീത

61. മലയാളസിനിമയിലെ ആദ്യനായികയുടെ പേരെന്ത്?

A. മിസ്. കുമാരി
B. ശാരദ
C. പി.കെ. റോസി
D. ഷീല

62. 'ഭാർഗ്ഗവീനിലയം' എന്ന സിനിമയ്ക്ക് അടിസ്ഥാനമായ ബഷീറിന്റെ കഥ ഏതാണ്?

A. അനർഘനിമിഷം
B. ജന്മദിനം
C. നീലവെളിച്ചം
D. ശശിനാസ്

63. 'മറുത്തുകളി' ഏത് നാടോടി കലാരൂപവുമായി ബന്ധപ്പെട്ടതാണ്?

A. വേലകളി
B. ചിമ്മാനക്കളി
C. പൂരക്കളി
D. കണ്യാർകളി

64. താഴെപ്പറയുന്നവയിൽ ജോൺ എബ്രഹാം സംവിധാനം ചെയ്ത സിനിമ ഏത്?

A. മീനമാസത്തിലെ സൂര്യൻ
B. അതിഥി
C. പോക്കുവെയിൽ
D. അഗ്രഹാരത്തിൽ കഴുതൈ

65. 'വാനവരമ്പൻ' എന്ന ബിരുദമുണ്ടായിരുന്ന ചേരരാജാവ്

A. നെടും ചേരലാതൻ
B. ഉതിയൻ ചേരലാതൻ
C. പൽയാനൈ ചെൽ കൊഴു കുട്ടുവൻ
D. നാർമുടിച്ചേരൽ

66. കൊല്ലവർഷം രേഖപ്പെടുത്തിയിട്ടുള്ള ആദ്യത്തെ ശാസനം

A. ജൂതശാസനം
B. ചോക്കൂർ ശാസനം
C. വാഴപ്പള്ളി ശാസനം
D. മാമ്പള്ളി ശാസനം

67. ഇന്ത്യയിൽ യൂറോപ്യന്മാർ നിർമ്മിച്ച ആദ്യത്തെ കോട്ട ഏതാണ്?

A. ബേക്കൽ കോട്ട
B. സെന്റ് ആഞ്ചലോ കോട്ട
C. മാനുവൽ കോട്ട
D. ചാലിയം കോട്ട

68. കൂനൻ കുരിശു കലാപം നടന്ന വർഷം

A. 1599
B. 1653
C. 1652
D. 1857

69. മലയാളലിപി ആദ്യമായി അച്ചടിക്കപ്പെട്ട ഗ്രന്ഥം

A. സംക്ഷേപവേദാർത്ഥം
B. ഹോർത്തൂസ് മലബാറിക്കസ്
C. വർത്തമാനപ്പുസ്തകം
D. കേരളോൽപത്തി

70. കേരളത്തിലെ ആദ്യത്തെ സാമൂഹ്യ സംഘടനയായി കണക്കാക്കപ്പെടുന്ന 'സമത്വസമാജ'ത്തിന്റെ സ്ഥാപകൻ

A. ചട്ടമ്പിസ്വാമികൾ
B. ബ്രഹ്മാനന്ദശിവയോഗി
C. വാഗ്ഭടാനന്ദൻ
D. വൈകുണ്ഠസ്വാമി

71. "ആധുനിക കാലത്തിലെ അത്ഭുതമെന്ന്" ഗാന്ധിജി വിശേഷിപ്പിച്ച സംഭവം എന്താണ്?

A. വൈക്കം സത്യാഗ്രഹം
B. ഗുരുവായൂർ സത്യാഗ്രഹം
C. ക്ഷേത്രപ്രവേശന വിളംബരം
D. വില്ലുവണ്ടി സമരം

72. "കാണുന്നില്ലൊരക്ഷരവും എന്റെ വംശത്തെപ്പറ്റി
കാണുന്നുണ്ടനേക വംശത്തിൻ ചരിത്രങ്ങൾ"
ഏത് സാമൂഹ്യപരിഷ്ക്കർത്താവിന്റേതാണ് ഈ വരികൾ?

A. പണ്ഡിറ്റ് കറുപ്പൻ
B. പൊയ്കയിൽ അപ്പച്ചൻ
C. കുര്യാക്കോസ് ഏലിയാസ് ചവറ
D. അയ്യങ്കാളി

73. "പലരുടെ അറിവ്, ഒരുവന്റെ നർമ്മോക്തി" എന്ന് പറയുന്നത് എന്തിനെ ക്കുറിച്ചാണ്?

A. കടങ്കഥ
B. പുരാവൃത്തം
C. പഴഞ്ചൊല്ല്
D. നാടോടിക്കഥ

74. "ചെറിയ കൂട്ടായ്മയിലെ കലാപരമായ ആശയപ്രകാശനമാണ് ഫോക്‌ലോർ" എന്ന് പറഞ്ഞതാരാണ്?

A. അലൻ ഡെന്റസ്
B. ഡാൻബെൻ അമോസ്
C. സ്റ്റിത് തോംസൺ
D. ആർച്ചർ ടെയ്‌ലർ

75. മിത്തുകളുടെ ഉൽപത്തിയെ സംബന്ധിച്ച സൗരപുരാവൃത്ത സിദ്ധാന്തം ആവിഷ്ക്കരിച്ചത്

A. ബെൻഫെ
B. കാർലെ ക്രോൺ
C. മാക്സ് മുള്ളർ
D. ആൻഡ്രു ലാങ്

76. ഒരു ഫോക്‌ലോറിനെ ആശ്രയിച്ചു നിൽക്കുന്ന മറ്റൊരു ഫോക്‌ലോറിനെ വിളിക്കുന്ന പേര്?

A. ഫോക്‌ലോറിസം
B. അപ്ലൈഡ് ഫോക്‌ലോർ
C. മെറ്റാഫോക്‌ലോർ
D. ഫോക്‌ലോർ

77. "ഗതാനുഗതികത്വത്തേക്കാൾ നവനവോല്ലേഖ കല്പനയിലാണ് കവികൾ അധികം ദൃഷ്ടിവെക്കേണ്ടതെന്ന് ഈ ഖണ്ഡകാവ്യം വായിക്കുന്നവർക്ക് നല്ലവണ്ണം ബോധ്യപ്പെടും". മലയാളത്തിലെ ഏത് കവിതയെക്കുറിച്ചാണ് എ. ആർ. രാജരാജവർമ്മ ഇങ്ങനെ അഭിപ്രായപ്പെട്ടത്?

A. ശിഷ്യനും മകനും
B. ചിത്രശാല
C. നളിനി
D. വീണപൂവ്

78. കാളിദാസകാവ്യങ്ങളെപ്പറ്റി എം.പി. ശങ്കുണ്ണിനായർ രചിച്ച വിമർശനഗ്രന്ഥം

A. കാവ്യവ്യുൽപത്തി
B. ഉജ്ജയനിയിലെ രാപ്പകലുകൾ
C. കാളിദാസഹൃദയം തേടി
D. ഛത്രവും ചാമരവും

79. മലയാളത്തിലുണ്ടായ മഹാകാവ്യങ്ങളെ വിമർശിച്ചുകൊണ്ട് : "ഈ വക കാവ്യങ്ങൾ കാണുമ്പോൾ ചില പഴയ ക്ഷേത്രങ്ങളിൽ ഇപ്പോഴും നടന്നുവരാറുള്ള നെടുംകുതിര കെട്ടിയെടുപ്പാണ് ഓർമയിൽ വരുന്നത്" - ഇങ്ങനെ പറഞ്ഞതാരാണ്?

A. ജോസഫ് മുണ്ടശ്ശേരി
B. സഞ്ജയൻ
C. കുട്ടികൃഷ്ണമാരാർ
D. കുമാരനാശാൻ

80. സമുദായത്തിലെ വിഷംതീനികളായി പുരോഗമസാഹിത്യകാരന്മാരെ വിശേഷിപ്പിച്ച നിരൂപകൻ

A. ജോസഫ് മുണ്ടശ്ശേരി
B. എം.പി. പോൾ
C. കുട്ടികൃഷ്ണമാരാർ
D. കേസരി ബാലകൃഷ്ണപിള്ള

81. മലയാള സാഹിത്യവിമർശനത്തിൽ 'രൂപഭദ്രതാവാദം' മുന്നോട്ടുവെച്ച വിമർശകൻ

A. കുട്ടികൃഷ്ണമാരാർ
B. സുകുമാർ അഴിക്കോട്
C. ജോസഫ് മുണ്ടശ്ശേരി
D. കെ.പി. അപ്പൻ

82. ഇന്ദുലേഖയിലെ പതിനെട്ടാം അധ്യായം കഥാപ്രവാഹത്തെ തടഞ്ഞുകൊണ്ട് ഒരു ശിലാഖണ്ഡമായി നിലകൊള്ളുന്നു എന്ന് അഭിപ്രായപ്പെട്ടത്

A. എം.പി. പോൾ
B. എൻ. കൃഷ്ണപിള്ള
C. പി.കെ. ബാലകൃഷ്ണൻ
D. എം. ലീലാവതി

83. 'ജനനിബിഡമായ ദന്തഗോപുരം' എന്ന കൃതി എഴുതിയതാരാണ്?

A. സച്ചിദാനന്ദൻ
B. കെ.പി. അപ്പൻ
C. ആഷാമേനോൻ
D. ബി. രാജീവൻ

84. കേസരിയുടെ വിമർശനപദ്ധതിയെക്കുറിച്ച് സൂക്ഷ്മവിശകലനം നടത്തുന്ന എം.എൻ. വിജയന്റെ കൃതി

A. ശീർഷാസനം
B. ചിതയിലെ വെളിച്ചം
C. മരുഭൂമികൾ പൂക്കുമ്പോൾ
D. വർണങ്ങളുടെ സംഗീതം

85. മലയാളത്തിലെ സ്ത്രീപക്ഷ ചിന്തകളെ ചരിത്രപരമായി വിശകലനം ചെയ്യുന്ന 'കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ?' എന്ന കൃതി രചിച്ചതാര്?

A. പി. ഗീത
B. സി.എസ്. ചന്ദ്രിക
C. ജെ. ദേവിക
D. സാറാ ജോസഫ്

86. 'ഓട്ടം' എന്ന പദം ഏതു വിഭാഗത്തിൽപ്പെടുന്നു?

A. ക്രിയാനാമം
B. സർവ്വനാമം
C. സാമാന്യനാമം
D. ഗുണനാമം

87. പൂജക ബഹുവചന രൂപമേത്?

A. കാഴ്ച്ചക്കാർ
B. ഗുരുക്കൾ
C. അദ്ധ്യാപകർ
D. പ്രേക്ഷകർ

88. താഴെക്കൊടുത്തിരിക്കുന്നവയിൽ നിയോജകപ്രകാരത്തിനുദാഹരണം ഏത്?

A. പറഞ്ഞു
B. പറയൂ
C. പറയണം
D. പറയാവൂ

89. കർമ്മത്തിന് പ്രാധാന്യം നൽകുന്ന വിഭക്തി

A. നിർദ്ദേശിക
B. പ്രതിഗ്രാഹിക
C. സംബന്ധിക
D. ആധാരിക

90. എൺ + നൂറ് = എണ്ണൂറ്. ഇവിടെ സംഭവിച്ച സന്ധിയേത്?

A. ആഗമസന്ധി
B. ആദേശസന്ധി
C. ദിത്വസന്ധി
D. ലോപസന്ധി

91. പ്രകൃത്യാ തന്നെ ദ്യോതകമായത്

A. ഗതി
B. ഘടകം
C. വ്യാക്ഷേപകം
D. നിപാതം

92. താഴെപ്പറയുന്നവയിൽ പരസവർണ്ണനത്തിന്റെ ഉദാഹരണം

A. മരം + ചാടി = മരഞ്ചാടി
B. ധനം + ആൽ = ധനത്താൽ
C. വരും + അർ = വരുവർ
D. എല്ലാം + ഉം = എല്ലാവും

93. 'മടലേറൽ' എന്നത് സംഘകാലത്തെ എന്തിനെ സൂചിപ്പിക്കുന്നു?

A. ഒരു തരം ആത്മഹത്യ
B. പഴയ കാലത്തെ ശിക്ഷാരീതി
C. പ്രണയം പ്രകടിപ്പിക്കുന്ന രീതി
D. കുടിപ്പക തീർക്കാനുള്ള മാർഗം

94. 'പുതുമലയാണ്മതൻ മഹേശ്വര'നെന്ന് എഴുത്തച്ഛനെ വിശേഷിപ്പിച്ചത് ആര്?

A. വള്ളത്തോൾ
B. കുഞ്ഞിക്കുട്ടൻ തമ്പുരാൻ
C. എൻ. കൃഷ്ണപിള്ള
D. എം. ലീലാവതി

95. തിരുനിഴൽമാലയുടെ പ്രമേയം

A. അമ്പലപ്പുഴ ക്ഷേത്രമാഹാത്മ്യം
B. ഏറ്റുമാനൂർ ക്ഷേത്രമാഹാത്മ്യം
C. തിരുനെല്ലി ക്ഷേത്രമാഹാത്മ്യം
D. ആറന്മുളയപ്പന്റെ മാഹാത്മ്യം

96. ''രാജശിക്ഷ അനുഭവിച്ചിട്ടുള്ളവരിൽ എന്നെപ്പോലെ ഭാഗ്യഹീനന്മാരായി മറ്റാരും ഉണ്ടാവില്ല'' എന്ന ആത്മകഥാപരമായ പ്രസ്താവനയിൽ തുടങ്ങുന്ന ആദ്യകാല കഥ

A. കയ്മളശ്ശന്റെ കല്യാണം
B. വിധവയുടെ വിധി
C. എന്റെ കോഴിക്കോട് യാത്ര
D. വാസനാവികൃതി

97. 'താങ്കൾ' എന്ന പദം ഏത് സർവ്വനാമമാണ്?

A. പ്രഥമപുരുഷൻ
B. ഉത്തമപുരുഷൻ
C. സാമാന്യ സർവ്വനാമം
D. മധ്യമപുരുഷൻ

98. മാപ്പിളപ്പാട്ടിലെ പ്രാസം അറിയപ്പെടുന്നത്

A. എതുക
B. കമ്പി
C. പദാദിപ്രാസം
D. അനുപ്രാസം

99. മുടന്തൻ ന്യായം - ഇതിൻ 'മുടന്തൻ' എന്തിനെക്കുറിക്കുന്നു?

A. പേരെച്ചം
B. വിനയെച്ചം
C. പൂർണ്ണക്രിയ
D. അപൂർണ്ണക്രിയ

100. 'ആലത്തൂർ മണിപ്രവാള'ത്തിലെ പ്രതിപാദ്യം

A. ജ്യോതിഷം
B. വൈദ്യം
C. വ്യാകരണം
D. മണിപ്രവാള ചർച്ച

**ROUGH WORK**

**ROUGH WORK**